## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 218** **10.12.2014-ൽ മറുപടിക്ക്**

## ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; | എ. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ള മെത്തി ക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടി വെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണ നിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതി കൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈ നബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ തടയണകളുടെ നിർമ്മാണം, ഇൻ ടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതി കൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖല കളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾ പ്പെടുത്തിയിട്ടുണ്ട്.<br>ഈ പദ്ധതിയിൽ നിന്നും എസ്.സി/ എസ്.ടി കോളനികളിലേക്ക് ജില്ലാ കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയ്ക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

ഗ്രാമപഞ്ചായത്തുകളിൽ ആവശ്യാധിഷ്ഠിതമായി സുസ്ഥിരവും ഗുണമേന്മയേറിയതുമായ കുടിവെള്ളം വിതരണം നടത്തുക എന്ന ലക്ഷ്യ ത്തോടുകൂടിയാണ് ജലനിധി പദ്ധതി കൾ നടപ്പിലാക്കുന്നത്. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, ഭൂജല സംവർദ്ധനം, സ്ത്രീ ശാക്തീകരണം, പഞ്ചായത്ത് ശാക്തീകരണം എന്നീ കർമ്മ പരിപാടികളും ഇതിനോടനുബന്ധിച്ച് നടപ്പിലാക്കുക വഴി ഗ്രാമീണ മേഖലയെ എല്ലാ തലത്തിലും ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ ലക്ഷ്യവും ജലനിധി പദ്ധതികൾക്ക് ഉണ്ട്.

| | | | |
|---|---|---|---|
| ബി. | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | ബി. | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 209 ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 51 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരി ക്കുകയും ചെയ്തിട്ടുണ്ട്. |

ജലനിധിയുടെ രണ്ടാം ഘട്ടം ആരംഭിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി പരമാവധി 200 ഗ്രാമ പഞ്ചായത്തുകളിലായി 11.5 ലക്ഷത്തോളം പേർക്ക് ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 1022 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ജലനിധി രണ്ടാം ഘട്ടം ആരംഭിച്ചിട്ടുള്ളത്. ആദ്യ ബാച്ചിൽ 22 ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിൽ 20 പഞ്ചായത്തുകളിലായി ഏകദേശം 453 പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ബാച്ച് രണ്ടിൽ 63 ഗ്രാമ പഞ്ചായത്തുകളിലായി ഏകദേശം 1133 പദ്ധതികളുടെ

ആസൂത്രണ / നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ബാച്ച് 1, 2, ലായി ഇതുവരെ 328 ചെറുകിട ജലവിതരണ പദ്ധതികൾ പൂർത്തീ കരിക്കുകയും 80,000 ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുമുണ്ടായി. ഇതിന് പുറമേ 12 ഗ്രാമ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന 3 ബഹുപഞ്ചായത്ത് പദ്ധതികളും നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

സി. പദ്ധതി നടപ്പാക്കുന്നതിലുള്ള മികവ് പരിഗണിച്ച് കേന്ദ്രത്തിൽ നിന്ന് അധിക സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

സി. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിച്ച മികവ് അനുസരിച്ച് 2012-13 ൽ കേന്ദ്രത്തിൽ നിന്നും 75 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 24.70 കോടി രൂപ ഇൻ സെന്റീവ് ഫണ്ടായും (ആകെ 99.70 കോടി രൂപ) 2013-14 ൽ 67.31 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 2.69 കോടി രൂപ ഇൻ സെന്റീവ് ഫണ്ടായും (ആകെ 70.00 കോടി രൂപ) കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

ഡി. ഗ്രാമീണ ശുദ്ധജലവിതരണത്തിൽ മികവ് കൈവരിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടി കൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഡി. നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യ സമയത്തിന് പൂർത്തീകരിക്കുന്നതിനു വേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ Project Status Alert System of Kerala Water Authority (PASK) സംവിധാനത്തിലൂടെ വില യിരുത്തി വേണ്ട മാർഗ്ഗ നിർ ദ്ദേശങ്ങൾ കീഴ്ത്തലങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി വാട്ടർ അതോറിറ്റി ഹെഡ്

ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തു വരുന്നു. ജല വിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയ വരെ പങ്കെടുപ്പിച്ചു കൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പാക്കി ക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽ വേ, പൊതു മരാമത്ത്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾ ക്കൊള്ളിച്ചു കൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർ ദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ